# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5894** **04.07.2019 ൽ മറുപടിക്ക്**

## മാതൃകാ റെസ്റ്റ് ഹൗസുകൾ

**ചോദ്യം**
**ശ്രീ.എ.പി. അനിൽ കുമാർ**

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) ജില്ലാ കേന്ദ്രങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റെസ്റ്റ് ഹൗസുകൾ നവീകരിച്ച് മാതൃകാ റെസ്റ്റ് ഹൗസുകൾ ആക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത മാതൃകാ റെസ്റ്റ് ഹൗസുകളിൽ ഒരുക്കുവാൻ ഉദ്ദേശിക്കുന്നത്;

(എ) & (ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകൾ നവീകരിച്ച് മാതൃകാ റസ്റ്റ് ഹൗസുകൾ ആക്കി മാറ്റാൻ പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ആദ്യപടിയായി സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായി ഭരണാനുമതി നൽകിയ റസ്റ്റ് ഹൗസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. 2019-20 ലെ പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി കൂടുതൽ വിശ്രമ കേന്ദ്രങ്ങളെ ഇതേ നിലവാരത്തിലേക്ക് കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട നടപടികളും പുരോഗമിച്ചു വരുന്നുണ്ട്.

റസ്റ്റ് ഹൗസ് നവീകരണത്തിന്റെ ഭാഗമായി പല കേന്ദ്രങ്ങളിലും പുതുതായി ബ്ലോക്കുകൾ പണിയുകയും നിലവിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തുവരുന്നു. റസ്റ്റ് ഹൗസ് ജീവനക്കാർക്ക് ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ് നൽകി വരുന്നുണ്ട്. ക്യാന്റീൻ സൗകര്യമുള്ള കേന്ദ്രങ്ങളിൽ അവ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതിനു പുറമെ റസ്റ്റ് ഹൗസുകളുടെ ഓൺലൈൻ ബുക്കിംഗിനായി പൊതുജനങ്ങളുടെ സൗകര്യാർത്ഥം ഓൺലൈൻ ഫെസിലിറ്റിക്കായുള്ള സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം.25/2019/ പി.ഡബ്ല്യൂ.ഡി തീയതി 14.06.2019 പ്രകാരം നിലവിൽ വന്നു.

(സി) ഇതിനായി അധിക തസ്തിക സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(സി) ഉദ്ദേശിക്കുന്നുണ്ട്. റസ്റ്റ് ഹൗസുകളിൽ തസ്തിക സൃഷ്ടിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്നും ശുപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

നിരത്തു വിഭാഗം

| ക്രമ നം. | ഇനം | ആലത്തൂർ സെക്ഷൻ | കുഴൽമന്ദം സെക്ഷൻ |
|---|---|---|---|
| 1 | കിഫ്ബി (മലയോര ഹൈവേ ഉൾപ്പെടെ) | ₹ 66,60,00,000.00 | ₹24,09,00,000.00 |
| 2 | ബജറ്റ് വിഹിതം | ₹ 9,66,00,000.00 | ₹19,89,00,000.00 |
| 3 | 20% ബജറ്റ് മറുപടി | ₹ 15,00,00,000.00 | ₹0.00 |
| 4 | സ്പെഷ്യൽ ഫണ്ട് | ₹10,75,00,000.00 | ₹4,00,00,000.00 |
| 5 | Renewal Programme | ₹3,48,00,000.00 | ₹65,00,000.00 |
| 6 | Structural Repairs | ₹61,00,000.00 | ₹1,11,10,000.00 |
| 7 | Flood damage repair | ₹40,00,000.00 | ₹3,70,000.00 |
| 8 | Disaster Management Fund | ₹12,00,000.00 | ₹0.00 |
| 9 | Urgent Patch Repairs | ₹1,72,00,000.00 | ₹96,00,000.00 |
| 10 | Pre-monsoorn works | ₹16,40,000.00 | ₹13,50,000.00 |
| | ആകെ | ₹1,08,50,40,000.00 | ₹50,87,30,000.00 |
| | മണ്ഡലത്തിൽ ആകെ | | ₹1,59,37,70,000.00 |

(നൂറ്റി അമ്പത്തിയൊമ്പത് കോടി മുപ്പത്തിയേഴ് ലക്ഷത്തി എഴുപതിനായിരം രൂപ)

[signature]

സെക്ഷൻ ഓഫീസർ